# അറിയിപ്പ്

നിയമസഭാ സമ്മേളന നടപടികൾ റിപ്പോർട്ട് ചെയ്യുന്നതിന് വിവിധ മാധ്യമങ്ങൾക്ക് കേരള നിയമസഭാ സെക്രട്ടേറിയറ്റിൽ നിന്നും 2022-24 കാലയളവിലേയ്ക്ക് അനുവദിച്ചിട്ടുള്ള സ്ഥിരം മാധ്യമ പാസ്സുകളുടെ കാലാവധി 2024 മേയ് 31-ന് അവസാനിക്കുന്നതിനാൽ സ്ഥിരം മാധ്യമ പാസ്സുകൾ പുതുക്കുന്നതിന് താൽപ്പര്യമുള്ള മാധ്യമങ്ങൾ നിശ്ചിത ഫോറത്തിലുള്ള അപേക്ഷ നിയമസഭാ സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതാണ്.

അപേക്ഷാ ഫോറം കേരള നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ (www.niyamasabha.org) ലഭ്യമാണ്. മാധ്യമ മേധാവി സാക്ഷ്യപ്പെടുത്തിയ അപേക്ഷ മാധ്യമ പ്രതിനിധികളുടെ പാസ്പോർട്ട് സൈസ് ഫോട്ടോ സഹിതം നേരിട്ടോ niyamasabhapressrelations@gmail.com എന്ന ഇ-മെയിൽ വിലാസം വഴി ഓൺലൈനായോ സമർപ്പിക്കാവുന്നതാണ്. ഓൺലൈനായി സമർപ്പിക്കുന്ന അപേക്ഷകൾ .pdf ഫോർമാറ്റിലും ഫോട്ടോ '100 KB' - യിൽ കുറയാത്ത സൈസിൽ '.jpeg' ഫോർമാറ്റിലും ആയിരിക്കണം. ഫോട്ടോ തിരിച്ചറിയുന്നതിനായി മാധ്യമ പ്രതിനിധിയുടെ പേര് നൽകി ഫയൽ നെയിം ചെയ്യുന്നതിന് പ്രത്യേകം ശ്രദ്ധ പുലർത്തേണ്ടതാണ്.

പുതുക്കിയ സ്ഥിരം മാധ്യമ പാസ്സുകൾ ലഭിക്കുന്ന മുറയ്ക്ക് നിലവിലെ മാധ്യമ പാസ്സുകൾ തിരിച്ചേൽപ്പിക്കേണ്ടതാണ്.

സ്ഥിരം മാധ്യമ പാസ്സ് ലഭിച്ചിട്ടുള്ള മാധ്യമപ്രവർത്തകർ മാധ്യമ സ്ഥാപനത്തിൽ നിന്നും വിടുതൽ ചെയ്യുന്ന സാഹചര്യത്തിൽ നിർബന്ധമായും അവർക്ക് അനുവദിച്ചിട്ടുള്ള സ്ഥിരം മാധ്യമ പാസ്സ് സറണ്ടർ ചെയ്യേണ്ടതാണ്.

മാധ്യമപ്രവർത്തകർക്ക് അനുവദിക്കപ്പെട്ട സ്ഥിരം മാധ്യമ പാസ്സുകൾ നഷ്ടപ്പെടുന്ന സാഹചര്യത്തിൽ ഡ്യൂപ്ലിക്കേറ്റ് മാധ്യമ പാസ്സ് ലഭിക്കുന്നതിന് വേണ്ടി മാധ്യമ മേധാവിയുടെ ശിപാർശ കത്ത്, ഫീസിനത്തിലുള്ള 250/ - രൂപ അടച്ച T.R - 5 രസീത്, പോലീസ് വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് എന്നിവ സഹിതം അപേക്ഷ സമർപ്പിക്കേണ്ടതാണ്.

തിരുവനന്തപുരം
25/03/2024

ഷാജി സി. ബേബി,
സെക്രട്ടറി - ഇൻ - ചാർജ്

# കേരള നിയമസഭാ സെക്രട്ടേറിയറ്റ്

## 2024 - 26 കാലയളവിലേക്ക് സ്ഥിരം മാധ്യമ പാസ്സുകൾ പുതുക്കുന്നതിനുള്ള അപേക്ഷ

1. മാധ്യമത്തിന്റെ പേര് :
2. 2022-24 കാലയളവിൽ ലഭിച്ച ആകെ സ്ഥിരം പാസ്സുകളുടെ എണ്ണം :

| ക്രമ നം. | മാധ്യമ പ്രവർത്തകരുടെ പേര് | തസ്തിക | മൊബൈൽ നമ്പർ | നിലവിലുള്ള പാസ്സ് നമ്പർ |
|---|---|---|---|---|
| 1 | | | | |
| 2 | | | | |
| 3 | | | | |
| 4 | | | | |
| 5 | | | | |
| 6 | | | | |
| 7 | | | | |
| 8 | | | | |
| 9 | | | | |
| 10 | | | | |

ഞങ്ങളുടെ മാധ്യമത്തെ പ്രതിനിധീകരിക്കുന്ന മേൽപ്പറഞ്ഞിട്ടുള്ള ജീവനക്കാർക്ക് സ്ഥിരം മാധ്യമ പാസ്സ് 2024-26 വർഷത്തേക്ക് പുതുക്കി നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അപേക്ഷിക്കുന്നു. നിയമസഭാ റിപ്പോർട്ടിംഗിൽ നിന്ന് ഇവരെ ഒഴിവാക്കുന്ന പക്ഷം പാസ്സുകൾ നിയമസഭാ സെക്രട്ടറി മുമ്പാകെ സറണ്ടർ ചെയ്യുന്നതാണ്.

ഒപ്പ് :

സ്ഥലം : മാധ്യമ മേധാവിയുടെ പേര് :

തീയതി : ഔദ്യോഗിക വിലാസം :

ഇ - മെയിൽ :

ഓഫീസ് സീൽ

---

**ഓഫീസ് ഉപയോഗത്തിന് മാത്രം**

അപേക്ഷ സ്വീകരിച്ച തീയതി :

മാധ്യമ പാസ്സ് അനുവദിച്ച തീയതി :

അനുവദിച്ച പാസുകളുടെ എണ്ണം :

**അണ്ടർ സെക്രട്ടറി**